പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 165 08.12.2014-ൽ മറുപടിയ്ക്ക്

## കളരിപ്പയറ്റിനെ കായികഇനമായി ഉൾപ്പെടുത്തുവാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്ജ്<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ തനത് ആയോധന കലയായി കളരിപ്പയറ്റിനെ കണക്കാക്കുന്നുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | കളരിപ്പയറ്റിനെ സ്വായത്തമാക്കാൻ വിദേശ രാജ്യങ്ങളിൽ നിന്നുപോലും പഠിതാക്കൾ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത ആയോധന കലയെ ഒരു കായികഇനമായി ഉൾപ്പെടുത്തി ഈ ശാഖയുടെ വളർച്ചയ്ക്ക് ഉതകുന്ന പദ്ധതി ആവിഷ്ക്കരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ? | (സി) | 2008-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് ചട്ടങ്ങൾപ്രകാരം കളരിപ്പയറ്റിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ആയതുപ്രകാരം കളരിപ്പയറ്റിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സംഘടനയായ കേരള കളരിപ്പയറ്റ് അസോസിയേഷനെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സംഘടന ടി ആയോധന കലയുടെ വളർച്ചയ്ക്ക് ഉതകുംവിധം കേരളത്തിൽ ജില്ലാ/സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. കേരള കളരിപ്പയറ്റ് അസോസിയേഷന് സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും |

ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ടി ആയോധന കലയെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്ക്, മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കായികതാരങ്ങളെ സ്പോർട്സ് ക്വാട്ട അഡ്മിഷൻ, ഗ്രേസ് മാർക്ക്, സ്പോർട്സ് ക്വാട്ട നിയമനം എന്നിവയിലേയ്ക്ക് പരിഗണിച്ചുവരുന്നു. കൂടാതെ കളരിപ്പയറ്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് കായിക യുവജനകാര്യാലയത്തിൽ നിന്നും ധനസഹായം നൽകിവരുന്നുണ്ട്.

ഇവയ്ക്ക് പുറമെ കളരിയുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനുമായി കോഴിക്കോട് ജില്ലയിലെ വടകരയിൽ ഒരു കളരി അക്കാഡമി സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**